LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കാർഷിക മേഖലയുടെ അടിസ്ഥാന വികസനം

211 (1684) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ അടിസ്ഥാന വികസനം ഉറപ്പുവരുത്തുന്നതിനായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽപ്പെടുന്ന മാക്കി-നടുവയൽ, പുഞ്ചാവി-കല്ലരാവി, കണ്ടേൻ വയൽ, അയ്യങ്കാവ്-ചുള്ളിക്കര, കിനാനൂർ, ചെന്തളം എന്നീ പ്രദേശങ്ങളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി എം.എൽ.എ.-യുടെ ഉപരിപത്രത്തോടൊപ്പം കൂടിയുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നബാർഡ് RIDF XXI-ൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ള വികസന പദ്ധതികൾ

212(1685) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൊയിലാണ്ടി മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക, പദ്ധതികൾ എന്നിവ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) നിറവ് പദ്ധതിയിൽ ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പാക്കി ; ഇനി എന്തെല്ലാം പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ചേങ്കോട്ടുകാവ്, ചേമഞ്ചേരി, കൊയിലാണ്ടി, മൂടാടി, തിക്കോടി, പയ്യോളി എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ 5 വർഷത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ പഞ്ചായത്ത് തിരിച്ച് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.